GSTIN : 32AAAGP0075R1Z2

കേരള കാർഷിക സർവ്വകലാശാല
പ്ലാൻറ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മെൻറ് യൂണിറ്റ്
വെള്ളാനിക്കര - 680 656
☎ 0487- 2374332
E-mail : centnursery@kau.in

നമ്പർ : സി.ഡി.-1045/2019

തിയ്യതി : 28.10.2019

## ലേലം / ക്വട്ടേഷൻ നോട്ടീസ്

സൂചന: 1) 17.06.19 തിയ്യതിയിലെ ജിഎ/ഡി2/10043/19 നമ്പറില്ലുള്ള ഉത്തരവ്
2) 18.06.19 തിയ്യതിയിലെ ജിഎ/ഡി2/10043/19 നമ്പറില്ലുള്ള തിരുത്തൽ ഉത്തരവ്

................

മേൽ സൂചന പ്രകാരം കേരള കാർഷിക സർവ്വകലാശാലയിലെ വെള്ളാനിക്കര കാമ്പസ്സിലെ വിവിധ കോളേജ്/ഫാം/കേന്ദ്രങ്ങളിലെ റോഡുകളിലേയ്ക്കും, പൊതുസ്ഥലങ്ങളിലേയ്ക്കും, കെട്ടിടങ്ങളുടെ മുകളിലേയ്ക്കും അപകടകരമായി വളർന്നു നിൽക്കുന്നതും ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നതുമായ മരങ്ങൾ മുറിച്ചു നീക്കുന്നതിനായി കമ്മറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ കമ്മറ്റി അംഗങ്ങൾ നേരിൽ കണ്ട് ബോധ്യപ്പെട്ട അപകടകരമായി വളർന്നു നിൽക്കുന്ന മരങ്ങളും, മരങ്ങളുടെ ശിഖരങ്ങളും വെട്ടി നീക്കം ചെയ്തുകൊണ്ടുപോകാൻ തൽപരരായവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ലേലം/ ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. രഹസ്യ ക്വട്ടേഷനുകൾ **05.11.2019** രാവിലെ **11 AM** വരെ സ്വീകരിക്കും.

ലേലസമയം : **05.11.2019** രാവിലെ 11.30 AM .
ലേല സ്ഥലം : പി.പി.എൻ.എം.യു ഓഫീസ്, വെള്ളാനിക്കര

- **പൂർണ്ണമായും മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് ജി.എസ്.ടി യും ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സും ബാധകമാണ് .**

വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. (ഫോൺ 0487–2374332 )

## മരങ്ങളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | സ്ഥലം |
|---|---|
| ലോട്ട് നമ്പർ - 1 | *യൂണിവേഴ്സിറ്റിയുടെ ടൈപ്പ് II സ്റ്റാഫ് ക്വാർട്ടേഴ്സിൽ 1A,2A,3B,4B,7B,8B,9A*, 9B,11A, 11B,17A,18A,18B,19B,20B,21A,22A,22B,24B,25A,25B,27A, 35A,36A,36B,37A, 37B, 38A,40A,40B എന്നീ ക്വാർട്ടേഴ്സുകൾക്ക് ചുറ്റും നീല പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള മരങ്ങൾ പൂർണ്ണമായും വെള്ള പെയിന്റിൽ മാർക്ക് ചെയ്തിട്ടുള്ള മരങ്ങളുടെ ശിഖരങ്ങൾ മാത്രവും മുറിച്ചുമാറ്റുന്നതിന്. |

രഹസ്യ ക്വട്ടേഷനുകൾ **05.11.2019** രാവിലെ 11 AM വരെ സ്വീകരിക്കും.

## ലേലം / ക്വട്ടേഷൻ വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് 04.11.2019 ന് രാവിലെ 10. AM ന് മരങ്ങൾ കാണാവുന്നതാണ്.
2. പരസ്യ ലേലത്തിൽ പങ്കെടുക്കുന്നവരും രഹസ്യ ക്വട്ടേഷൻ തരുന്നവരും സമയത്തും സ്ഥലത്തും ഹാജരായി നിരതദ്രവ്യമായി 10,000/- രൂപ ( പതിനായിരം രൂപ മാത്രം) **05.11.2019** രാവിലെ 11 മണിയ്ക്ക് മുൻപായി അടക്കേതാണ്. ***നിരതദ്രവ്യത്തോടൊപ്പം***

ഐഡന്റിറ്റി കാർഡ്, പാൻകാർഡ് ഇവയുടെ കോപ്പി നിർബന്ധമായും ഓഫീസിൽ നൽകേണ്ടതാണ്

3. പരസ്യലേലം **05.11.2019** രാവിലെ 11.30 AM.ന് കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നതാണ്. രഹസ്യ ക്വട്ടേഷനുകൾ **05.11.2019** രാവിലെ 11 AM വരെ മാത്രമെ സ്വീകരിക്കുകയുള്ളൂ. രഹസ്യ ക്വട്ടേഷനിൽ അതാത് ലോട്ടുകളുടെ മൊത്തംവില അക്കത്തിലും അക്ഷരത്തിലും എഴുതി പ്രൊഫസർ ആന്റ് ഹെഡ്, പി.പി.എൻ.എം.യു, വെള്ളാനിക്കരയുടെ പേരിൽ നൽകേണ്ടതാണ്

4. ലേലത്തിനു ശേഷം ക്വട്ടേഷൻ തുറക്കുന്നതാണ്. ഏറ്റവും കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ അല്ലെങ്കിൽ ഏറ്റവും കൂടുതൽ ലേലം വിളിച്ച തുക ഇവയിൽ ഏതാണ് കൂടുതലെങ്കിൽ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷൻ /ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

5. ലേലം പിടിച്ചയാൾ **05.11.2019** ന് 4 മണിക്കു മുൻപ് മുഴുവൻ ലേലത്തുകയും അടച്ച് രശീത് വാങ്ങേതാണ്. അതിനുശേഷം മാത്രമേ വെട്ടിയിട്ട തടികളും മരക്കമ്പുകളും കാമ്പസ്സിൽ നിന്നും നീക്കം ചെയ്യാനും അനുവദിക്കുകയുള്ളൂ.

6. സർക്കാർ നിയമപ്രകാരം ലേലതുകയ്ക്കുപുറമെ മരങ്ങൾ ലേലം പിടിച്ചയാളിൽനിന്നും ജി.എസ്.ടി. ബാധകമായവയ്ക്ക് ലേലതുകയുടെ **18%** നികുതി ഈടാക്കുന്നതാണ്.

7. ലേലം പിടിച്ചയാളിൽ നിന്നും ലേലത്തുക + 18% നികുതിയും ഉൾപ്പെടെയുള്ള തുകയുടെ 5% ഫോറസ്റ്റ് ഡവലപ്പ്മെൻറ് ടാക്സ് ഈടാക്കുന്നതാണ്.

8. ലേലം പിടിച്ചശേഷം **10** ദിവസത്തിനകം മേൽപ്പറഞ്ഞ മരങ്ങളും മരക്കമ്പുകളും പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണ്

9. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊണ്ടയാളുടെ തൊട്ടടുത്തു വരുന്ന ആളുടെ നിരതദ്രവ്യം, ലേലം കൊണ്ടയാൾ മുഴുവൻ ലേലത്തുകയും അടച്ചതിനു ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.

10. തടികളും, മരക്കൊമ്പുകളും നീക്കം ചെയ്യുമ്പോൾ സർവ്വകലാശാലയ്ക്ക് ഏതെങ്കിലും തരത്തിൽ നാശനഷ്ടമുണ്ടായാൽ അത് ലേലം കൊണ്ടയാളിൽ നിന്ന് ഈടാക്കുന്നതാണ്.

11. ലേലം കൊണ്ടയാൾ ലേലവ്യവസ്ഥകൾ ഏതെങ്കിലും പാലിക്കാതെ വന്നാൽ ലേലം റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്. ലേലം റദ്ദാക്കി പുനർ ലേലം ചെയ്യേണ്ടി വരുന്നതുകൊണ്ട് സർവ്വകലാശാലയ്ക്ക് നഷ്ടമുണ്ടായാൽ അത് ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.

12. തടിയും മരക്കൊമ്പുകളും പ്രവർത്തി ദിവസങ്ങളിലും സമയത്തും ഫാം സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രമേ നീക്കംചെയ്ത് കൊണ്ടുപോകുവാൻ പാടുള്ളൂ.

13. നിശ്ചിത തിയ്യതിക്കും സമയത്തിനും ശേഷം ലഭിയ്ക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും.

14. ഏതെങ്കിലും കാരണവശാൽ മുകളിൽ പറഞ്ഞ തിയ്യതി അവധി ദിവസമാണെങ്കിൽ, തൊട്ടടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥലത്തും, അതേ സമയത്തും ലേലം നടക്കുന്നതായിരിക്കും.

14. സർക്കാർ ക്വട്ടേഷൻ / ലേലം നിബന്ധനകൾ എല്ലാം തന്നെ ഈ ലേലത്തിനും ബാധകമാണ്.

15. യാതൊരു കാരണവും കാണിക്കാതെ ഈ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം പ്രൊഫസർ ആന്റ് ഹെഡ്, പി.പി.എൻ.എം.യു, വെള്ളാനിക്കരയിൽ നിക്ഷിപ്തമാണ്.

16. ഈ ലേലം അന്തിമമായി ഉറപ്പിക്കുന്നതിനുള്ള തീരുമാനം എടുക്കുവാൻ ഉള്ള അധികാരം കമ്മിറ്റി അംഗങ്ങളിലും, പ്രൊഫസർ ആന്റ് ഹെഡ്, പി.പി.എൻ.എം.യു, വെള്ളാനിക്കരയിലും നിക്ഷിപ്തമാണ്.

പ്രൊഫസർ ആന്റ് ഹെഡ്

Professor & Head
Plant Propagation & Nursery Management Unit
Kerala Agricultural University
Vellanikkara - 680 656

പകർപ്പ്:

1. സെൻട്രൽ നേഴ്സറി ഗേറ്റ്
2. നോട്ടീസ് ബോർഡ്, വില്ലേജ് ഓഫീസ്
3. നോട്ടീസ് ബോർഡ്, പഞ്ചായത്ത് ഓഫീസ്
4. നോട്ടീസ് ബോർഡ്, എസ്റ്റേറ്റ് ഓഫീസ്
5. നോട്ടീസ് ബോർഡ്, COH, വെള്ളാനിക്കര
6. നോട്ടീസ് ബോർഡ്, കാന്റീൻ, കെ.എ.യു, വെള്ളാനിക്കര
7. ചീഫ് സെക്യൂരിറ്റി ഓഫീസർ, കെ.എ.യു, വെള്ളാനിക്കര
8. കമ്മിറ്റി അംഗങ്ങൾ
9. ഫാം സൂപ്രണ്ട്/വെബ്സൈറ്റ്